അനെർട്ട്, വികാസ് ഭവൻ പി.ഓ, തിരുവനന്തപുരം 695033
ടെലഫോൺ:0471-2338077, ഫാക്സ്: 2329853, ഇമെയിൽ: director@anert.in, www.anert.gov.in

# "സോളാർ കണക്റ്റ്" ശൃംഖലാബന്ധിത സൗരവൈദ്യുത നിലയങ്ങൾ വഴിയുള്ള വികേന്ദ്രീകൃത വൈദ്യുതോത്പാദനം (2016-17)

പരിപത്രം നമ്പർ: 6036/SCRP/ANERT/2016-17 തീയതി 1.12.2016

## പദ്ധതിലക്ഷ്യം

2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ വൈദ്യുതോത്പാദന ശേഷിയുള്ള മേൽക്കൂര സൗരവൈദ്യുതോത്പാദന നിലയങ്ങൾ, ഒരു സൈറ്റിൽ പരമാവധി 100 കിലോവാട്ട് ശേഷി വരെ മാത്രം എന്ന പരിധിക്കുള്ളിൽ, കേരളത്തിൽ എവിടെയുമുള്ള തത്പരരായ ഗുണഭോക്താക്കൾക്ക് സ്ഥാപിച്ച് നൽകുകയും കേന്ദ്ര - സംസ്ഥാനസർക്കാരുകൾ അനുവദിക്കുന്ന ധനസഹായം അവ ലഭിക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയുമാണ് പദ്ധതിയുടെ ഉദ്ദേശ്യം.

## പദ്ധതി വിശദാംശങ്ങൾ

1. **വൈദ്യുതനിലയം ലഭ്യമാക്കുന്നതിനുള്ള ചുരുങ്ങിയ അടിസ്ഥാനാവശ്യങ്ങളും മറ്റ് പൊതു വിവരങ്ങളും**
    a. ഒരു കിലോവാട്ട് ശേഷിയുള്ള സൗരവൈദ്യുതോത്പാദനനിലയത്തിന്റെ സൗരപാനൽ നിര സ്ഥാപിക്കുന്നതിന് കുറഞ്ഞത് 10 ചതുരശ്രമീറ്റർ വിസ്തൃതിയിൽ നിഴൽരഹിത മേൽക്കൂര ലഭ്യമായിരിക്കണം
    b. ഈ പദ്ധതിയിൽ സ്ഥാപിക്കുന്ന വൈദ്യുതോത്പാദന നിലയങ്ങൾ ബാറ്ററി ബാക്കപ്പില്ലാതെ, വൈദ്യുതശൃംഖലാബന്ധിതമായി പ്രവർത്തിക്കുന്നവയായിരിക്കും. ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഗുണഭോക്താവിന് നേരിട്ട് ഉപയോഗിക്കുകയും അധികമുള്ളത് ഒരു നെറ്റ് മീറ്ററിംഗ് സൌകര്യമുള്ള എനർജി മീറ്റർ വഴി വിതരണ ലൈസൻസിയുടെ വൈദ്യുതിവിതരണ ശൃംഖലയിലേക്ക് നൽകുകയും ചെയ്യാവുന്നതാണ്. വിതരണശൃംഖലയിൽ വൈദ്യുതി ഇല്ലാത്തപ്പോൾ വൈദ്യുതോത്പാദനമോ വിതരണമോ ഉണ്ടാവുകയില്ല. ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ അളവ്, ലഭ്യമായ സൗരവികിരണം, സ്ഥാപിച്ചിട്ടുള്ള നിലയത്തിന്റെ വൈദ്യുതോത്പാദന ശേഷി, വിതരണശൃംഖലയിലെ വൈദ്യുതിപ്രവാഹം എന്നീ ഘടകങ്ങളെ ആശ്രയിച്ചിരിക്കും. വിതരണലൈസൻസിയുടെ വൈദ്യുതിവിതരണശൃംഖലയിൽ നിശ്ചിത വോൾട്ടതയിലും ആവൃത്തിയിലുമുള്ള വൈദ്യുതിപ്രവാഹം ഉള്ളപ്പോൾ മാത്രമേ അതുമായി ബന്ധിപ്പിച്ചിട്ടുള്ള സൗരവൈദ്യുതോത്പാദനനിലയത്തിൽ വൈദ്യുതോത്പാദനം നടക്കുകയുള്ളൂ. [സിംഗിൾ ഫേസ് വൈദ്യുതിവിതരണശൃംഖലയിൽ ആവശ്യമായ വോൾട്ടത 184VAC മുതൽ 253VAC വരെയും ത്രീഫേസ് വൈദ്യുതിവിതരണശൃംഖലയിൽ ആവശ്യമായ വോൾട്ടത 332VAC മുതൽ 456 VAC വരെയും ആണ്. 47.5 Hz-നും 50.5 Hz-നും ഇടക്കുള്ള ആവൃത്തിയാണ് സുഗമമായ പ്രവർത്തനത്തിന് ശൃംഖലയിൽ ഉണ്ടായിരിക്കേണ്ടത്.
    c. ഒരു കിലോവാട്ട് ശേഷിയുള്ള സൗരനിലയപ്രതിഷ്ഠാപനത്തിൽ നിന്നും നല്ല സൂര്യപ്രകാശമുള്ള ഒരു ദിവസം ശരാശരി നാലു യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കപ്പെടും. എന്നാൽ സൗരവികിരണത്തിന്റെ തീവ്രതയ്ക്കും ഗ്രിഡിന്റെ ലഭ്യതയ്ക്കും അനുസൃതമായി വൈദ്യുതോത്പാദനത്തിൽ വ്യത്യാസം ഉണ്ടാകാം.
    d. പദ്ധതിനിബന്ധനകളിലും യോഗ്യതാമാനദണ്ഡങ്ങളിലും ആവശ്യാനുസരണമായ മാറ്റങ്ങൾ വരുത്തുവാൻ അനെർട്ടിനും ബന്ധപ്പെട്ട സർക്കാരുകൾക്കും അധികാരമുണ്ടായിരിക്കുന്നതാണ്.

2. **ഉപകരണസംവിധാന വില, സബ്സിഡി/ മറ്റ് സാമ്പത്തിക സഹായങ്ങൾ**
    a. സൗരവൈദ്യുതോത്പാദന ഉപകരണസംവിധാനത്തിന്റെ ഏകദേശവില ഒരു കിലോവാട്ടിന് 0.75 ലക്ഷം രൂപയാണ്. താത്പര്യപത്രത്തിലൂടെ (Expression of Interest)

സംരംഭകരിൽ നിന്ന് ലഭിക്കുന്ന വിലനിലവാരമനുസരിച്ച് ഇതിൽ മാറ്റമുണ്ടാകാം. വൈദ്യുതി വിതരണ ശൃംഖലയിൽ ബന്ധിപ്പിക്കുന്നതിനു വിതരണലൈസൻസി ചുമത്തുന്ന ചാർജ്ജുകളും ഫീസുകളും ഈ വില നിർണ്ണയത്തിൽ ഉൾപ്പെടുന്നില്ല.

b. ഒരു കിലോവാട്ടിന് 7,200 രൂപയാണ് സംസ്ഥാന സർക്കാർ ധനസഹായം. ഒരു കിലോവാട്ടിന് പരമാവധി 22,500 രൂപ അഥവാ ഉപകരണസംവിധാനവിലയുടെ 30% (ഏതാണോ കുറവ് അത്) ആണ് കേന്ദ്രസർക്കാർ ധനസഹായമായി ലഭിക്കുക. [ഉപകരണസംവിധാനവില, നവീന നവീകരണീയ ഊർജ്ജ മന്ത്രാലയം (MNRE) നിശ്ചയിച്ച ബെഞ്ച്മാർക്ക് വിലയിലും കുറവാണെങ്കിൽ വിലയുടെ 30% മാത്രം].

c. വീടുകൾക്കു പുറമേ വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആരോഗ്യ മേഖലാസ്ഥാപനങ്ങൾ, സാമൂഹ്യസേവന സ്ഥാപനങ്ങളായ കെയർഹോമുകൾ, അനാഥാലയങ്ങൾ, വൃദ്ധജനപരിപാലനകേന്ദ്രങ്ങൾ, പരിശീലനകേന്ദ്രങ്ങൾ തുടങ്ങി സൊസൈറ്റീസ് രജിസ്റ്ററേഷൻ ആക്റ്റ് അഥവാ ഇന്ത്യൻ ട്രസ്റ്റ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്കും കേന്ദ്രസർക്കാർ ധനസഹായം ലഭിക്കും. എന്നാൽ കമ്പനി രജിസ്റ്ററേഷൻ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്വകാര്യ-വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാർ ധനസഹായം ലഭിക്കുന്നതല്ല.

d. ആകെ 5 മെഗാവാട്ട് പദ്ധതികൾക്കാണ് ഇക്കൊല്ലം സംസ്ഥാന-കേന്ദ്ര ധനസഹായം ലഭ്യമാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

e. പദ്ധതികൾക്ക് രജിസ്റ്റർനമ്പർ ലഭിക്കുന്നതിന്റെ മുൻഗണനാക്രമത്തിലാണ് കേന്ദ്ര-സംസ്ഥാന സർക്കാർ ധനസഹായം ലഭ്യമാക്കുക.

**3. അപേക്ഷിക്കേണ്ടത് എങ്ങനെ?**

a. അപേക്ഷാഫോറം അനെർട്ടിന്റെ വെബ്സൈറ്റിൽ (www.anert.gov.in) ലഭ്യമാക്കിയിരിക്കും.

b. അപേക്ഷകർ അതോടൊപ്പമുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായി വായിച്ചു മനസ്സിലാക്കി വേണം അപേക്ഷാഫോറം പൂരിപ്പിക്കേണ്ടത്.

c. നിർദ്ദിഷ്ട അപേക്ഷാഫോറം ശരിയായി പൂരിപ്പിച്ച് അതോടൊപ്പം അപേക്ഷാ ഫീസായി **ഡയറക്ടർ, അനെർട്ട്, തിരുവനന്തപുരം** എന്ന പേരിൽ എടുത്തിട്ടുള്ള രണ്ടായിരം രൂപയുടെ ഡി.ഡിയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

d. അപേക്ഷയോടൊപ്പം അപേക്ഷാഫീസ്, അപേക്ഷിക്കുന്നയാളുടെ ആധാർ കാർഡിന്റെ പകർപ്പ്, സൗരവൈദ്യുതോത്പാദന നിലയം സ്ഥാപിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിലെ സമീപകാലത്തുള്ള വൈദ്യുതി ബില്ല്, സ്വന്തംവിലാസം എഴുതി 5രൂപയുടെ തപാൽ സ്റ്റാമ്പ് ഒട്ടിച്ച കവർ എന്നിവ ഉണ്ടായിരിക്കണം. സ്ഥാപനങ്ങൾക്ക് ആധാർ കാർഡിനു പകരം സ്ഥാപന മേധാവികൾ നൽകുന്ന ഔദ്യോഗിക അപേക്ഷ/കത്ത് പരിഗണിക്കുന്നതാണ്.

e. പൂരിപ്പിച്ച അപേക്ഷകൾ, അപേക്ഷാ ഫീസ്, മറ്റ് അനുബന്ധ രേഖകൾ എന്നിവയോടൊപ്പം **ഡയറക്ടർ, അനെർട്ട്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം-695033** എന്ന വിലാസത്തിലേക്ക് തപാലിൽ അയക്കുകയോ നേരിട്ടെത്തിക്കുകയോ ചെയ്യാവുന്നതാണ്.

f. മേൽ വിവരിച്ച അനുബന്ധരേഖകളും ഫീസും ഇല്ലാത്തതോ പൂർണ്ണ വിവരങ്ങൾ നൽകാത്തതോ ആയ അപേക്ഷകൾ അസാധുവാക്കുന്നതാണ്.

g. അനെർട്ടിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയുണ്ടാവുന്ന സാഹചര്യത്തിൽ അല്ലാതെ മറ്റൊരു കാരണവശാലും അപേക്ഷാഫീസ് തിരികെ നൽകുന്നതല്ല.

h. അപേക്ഷകൾ അനെർട്ടിൽ ലഭിക്കുന്നതിന്റെ മുൻഗണനാക്രമത്തിൽ മാത്രമായിരിക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ആവശ്യമെന്നു കണ്ടാൽ ജില്ല തിരിച്ചുള്ള ടാർജറ്റ് ഏർപ്പെടുത്തുന്നതാണ്.

i. അനെർട്ടിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഒരു അപേക്ഷാനമ്പർ (AP.No.) അനുവദിക്കുകയും അത് കൈപ്പറ്റ് രസീതായി ഗുണഭോക്താവിനെ അറിയിക്കുകയും ചെയ്യും. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന, സ്വന്തംവിലാസം എഴുതി സ്റ്റാമ്പ് ഒട്ടിച്ചകവറിൽ ആണ് ഈ കൈപ്പറ്റ് രസീത് അയച്ചു തരിക. അതിനാൽ തപാൽ താമസം ഒഴിവാക്കാനായി പ്രസ്തുത കവറിൽ അപേക്ഷകർ സ്വന്തം വിലാസം വ്യക്തവും, കൃത്യവുമായി എഴുതിയിട്ടുണ്ടാകണം. ലഭിക്കുന്ന അപേക്ഷാ നമ്പർ മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുന്നത് അനുവദനീയമല്ല.

**4. രജിസ്റ്റർ ചെയ്യേണ്ടത് എങ്ങനെ?**

a. അപേക്ഷാനമ്പർ ലഭിച്ചു കഴിഞ്ഞാൽ ഉപഭോക്താവ്, അനെർട്ട് പ്രസിദ്ധീകരിക്കുന്ന എംപാനൽഡ് ഏജൻസികളുടെ ലിസ്റ്റിൽ നിന്നും സൗരവൈദ്യുതോത്പാദനനിലയം സ്ഥാപിക്കാനുള്ള ഏജൻസിയെ തെരഞ്ഞെടുക്കണം. പ്രസ്തുത ഏജൻസിയുടെ സാങ്കേതിക സഹായത്തോടെ സൗരവൈദ്യുതോത്പാദനനിലയം സ്ഥാപിക്കാനുള്ള സ്ഥലപരിശോധന നടത്തി സാദ്ധ്യതാ റിപ്പോർട്ട് തയ്യാറാക്കണം. അപേക്ഷാ നമ്പർ ലഭിച്ചു മുപ്പതു ദിവസത്തിനകം മേൽപ്പറഞ്ഞ സാദ്ധ്യതാ റിപ്പോർട്ടും വൈദ്യുതി വിതരണശൃംഖലയിൽ ബന്ധിപ്പിക്കുന്നതിനു വിതരണലൈസൻസിയുടെ അനുമതിപത്രവും അനെർട്ടിന്റെ കേന്ദ്ര കാര്യാലയത്തിൽ സമർപ്പിച്ചിരിക്കണം.

b. സൈറ്റിന്റെ സാദ്ധ്യതാ വിലയിരുത്തൽ പഠനം ഉപഭോക്താവിന്റെയും അവർ തെരഞ്ഞെടുത്ത ഏജൻസിയുടെയും മാത്രം ഉത്തരവാദിത്തമായിരിക്കും. സാദ്ധ്യതാപഠന റിപ്പോർട്ടും വിതരണ ലൈസൻസിയുടെ അനുമതിപത്രവും ലഭിക്കുന്ന മുറയ്ക്ക് അനെർട്ട്, ഉപഭോക്താവിന് രജിസ്ട്രേഷൻ നമ്പരും പദ്ധതിയുടെ ശേഷിയും അനുവദിച്ചു നൽകും.

c. രജിസ്ട്രേഷൻ നമ്പർ ലഭിച്ചു കഴിഞ്ഞാൽ ഉടനെ ഉപഭോക്താവ്, തെരഞ്ഞെടുത്ത ഏജൻസിക്ക് സൗരവൈദ്യുതോത്പാദനനിലയം സ്ഥാപിക്കാനുള്ള വർക്ക് ഓർഡർ നൽകേണ്ടതും നിലയത്തിന്റെ പ്രതിഷ്ഠാപനം രജിസ്ട്രേഷൻ നമ്പർ ലഭിച്ചതു മുതൽക്കുള്ള 90 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കുകയും ചെയ്യേണ്ടതാണ്.

d. അനെർട്ടിൽ നിന്ന് രജിസ്ട്രേഷൻ നമ്പർ ലഭിക്കാതെയോ അനെർട്ട് നിശ്ചയിച്ച നിബന്ധനകളും സാങ്കേതികമാനദണ്ഡങ്ങളും പാലിക്കാതെയോ സ്ഥാപിക്കുന്ന സൗര വൈദ്യുതോത്പാദനനിലയങ്ങളെ സർക്കാർ സബ്സിഡികൾക്ക് പരിഗണിക്കുന്നതല്ല.

**5. പദ്ധതി ശേഷി നിർണ്ണയവും നിർവഹണനടപടിക്രമങ്ങളും**

a. ഉപഭോക്തൃകെട്ടിടത്തിന്റെ മേൽക്കൂരയിൽ ലഭ്യമായ നിഴൽരഹിതമായ സ്ഥലവിസ്തൃതി, ഉപഭോക്താവിന്റെ ആവശ്യം, വൈദ്യുതി വിതരണശൃംഖലയിൽ ബന്ധിപ്പിക്കുന്നതിനു വിതരണ ലൈസൻസി അനുവദിക്കുന്ന ശേഷി എന്നിവയെ അടിസ്ഥാനമാക്കിയാണ് സ്ഥാപിക്കാവുന്ന സൗരവൈദ്യുതോത്പാദനനിലയത്തിന്റെ ശേഷി നിർണ്ണയിക്കുന്നത്. ഒരു പ്രതിഷഠാപനത്തിന്റെ അനുവദനീയമായ കുറഞ്ഞ ശേഷി 2കിലോവാട്ടും പരമാവധി ഉയർന്ന ശേഷി 100 കിലോവാട്ടും ആണ്. 2, 3 കിലോവാട്ടുവരെ ശേഷിയുള്ള നിലയങ്ങൾ സിംഗിൾ ഫേസിലും അതിലും കൂടിയ ശേഷിയുള്ള നിലയങ്ങൾ ത്രീഫേസിലുമാണ് പ്രവർത്തിപ്പിക്കേണ്ടത്. വിതരണലൈസൻസി സിംഗിൾ ഫേസ് കണക്ഷൻ മാത്രം നൽകിയിട്ടുള്ള ഒരു ഉപഭോക്താവ് 5 കിലോവാട്ടോ അതിലും ഉയർന്ന ശേഷിയുള്ളതോ ആയ സൗരവൈദ്യുതോത്പാദനനിലയം സ്ഥാപിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ പ്രസ്തുത കൺസ്യൂമർ തന്റെ കണക്ഷൻ ത്രീഫേസ് ആക്കി മാറ്റിയ ശേഷം മാത്രമെ വൈദ്യുതോത്പാദനനിലയത്തിനായി അപേക്ഷിക്കാൻ പാടുള്ളൂ.

b. ലഭ്യമാക്കാവുന്ന സിസ്റ്റം കോൺഫിഗറേഷനുകൾ താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | കോൺഫിഗറെഷൻ | സൗരമോഡ്യൂൾ ശേഷി | റിമാർക്ക് |
|---|---|---|---|
| 1. | 2കിലോവാട്ട് സിംഗിൾഫേസ് | 2000 Wp | സിംഗിൾ ഫേസ് / ത്രീഫേസ് കണക്ഷനുള്ള ഉപഭോക്താക്കൾക്ക് |
| 2. | 3കിലോവാട്ട് സിംഗിൾഫേസ് | 3000 Wp | സിംഗിൾ ഫേസ് / ത്രീഫേസ് കണക്ഷനുള്ള ഉപഭോക്താക്കൾക്ക് |
| 3. | 5കിലോവാട്ട് ത്രീഫേസ് | 5000 Wp | ത്രീഫേസ് കണക്ഷനുള്ള ഉപഭോക്താക്കൾക്ക് |
| 4. | 10കിലോവാട്ട് ത്രീഫേസ് | 10000 Wp | ത്രീഫേസ് കണക്ഷൻ മാത്രം അനുവദനീയം |
| 5. | 15കിലോവാട്ട് ത്രീഫേസ് | 15000 Wp | ത്രീഫേസ് കണക്ഷൻ മാത്രം അനുവദനീയം |
| 6. | 20 കിലോവാട്ട് ത്രീഫേസ് | 20000 Wp | ത്രീഫേസ് കണക്ഷൻ മാത്രം അനുവദനീയം |
| 7. | 30കിലോവാട്ട് ത്രീഫേസ് | 30000 Wp | ത്രീഫേസ് കണക്ഷൻ മാത്രം അനുവദനീയം |

| ക്രമ നമ്പർ | കോൺഫിഗറേഷൻ | സൗരമോഡ്യൂൾ ശേഷി | റിമാർക്ക് |
|---|---|---|---|
| 8. | 40കിലോവാട്ട് ത്രീഫേസ് | 40000 Wp | ത്രീഫേസ് കണക്ഷൻ മാത്രം അനുവദനീയം |
| 9. | 50 കിലോവാട്ട് ത്രീഫേസ് | 50000 Wp | ത്രീഫേസ് കണക്ഷൻ മാത്രം അനുവദനീയം |
| 10. | 60 കിലോവാട്ട് ത്രീഫേസ് | 60000 Wp | ത്രീഫേസ് കണക്ഷൻ മാത്രം അനുവദനീയം |
| 11. | 70 കിലോവാട്ട് ത്രീഫേസ് | 70000 Wp | ത്രീഫേസ് കണക്ഷൻ മാത്രം അനുവദനീയം |
| 12. | 80 കിലോവാട്ട് ത്രീഫേസ് | 80000 Wp | ത്രീഫേസ് കണക്ഷൻ മാത്രം അനുവദനീയം |
| 13. | 90 കിലോവാട്ട് ത്രീഫേസ് | 90000 Wp | ത്രീഫേസ് കണക്ഷൻ മാത്രം അനുവദനീയം |
| 14. | 100 കിലോവാട്ട് ത്രീഫേസ് | 100000 Wp | ത്രീഫേസ് കണക്ഷൻ മാത്രം അനുവദനീയം |

5 കിലോവാട്ടിനു മുകളിൽ ശേഷിയുള്ള നിലയങ്ങൾക്ക് തുല്യ ശേഷിയുള്ള PCU ലഭ്യമാക്കുന്നതിന് ആവശ്യമെങ്കിൽ വ്യത്യസ്ത ശേഷിയിലുള്ള ,PCUകളുടെ കോമ്പിനേഷനുകൾ ഉപയോഗിക്കാവുന്നതാണ്.

c. അംഗീകൃതസപ്ലയർമാരുടെയും ഇൻറഗ്രേറ്റർമാരുടെയും ലിസ്റ്റും ഓരോ കോൺഫിഗറേഷനും അവർ ലഭ്യമാക്കുന്ന വിലയും അനെർട്ട് പ്രസിദ്ധീകരിക്കുന്നതാണ്. ഇതിന്റെ കാലാനുസൃതമായ പുതുക്കലുകളും അനെർട്ടിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

d. അനെർട്ട് പ്രസിദ്ധീകരിക്കുന്ന അംഗീകൃത ലിസ്റ്റിൽ നിന്നും ഏതൊരു ഏജൻസിയെയും ഗുണഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണ്. അങ്ങനെ തെരഞ്ഞെടുക്കുന്ന എംപാനൽഡ് ഏജൻസിക്ക് ഗുണഭോക്താവ് സൗരവൈദ്യുതനിലയം സ്ഥാപിക്കുന്നതിനുള്ള ഉറപ്പായ വർക്ക് ഓർഡർ നൽകണം.

e. ഉപഭോക്താവ് തിരഞ്ഞെടുത്ത ഏജൻസിക്ക് സബ്സിഡി കഴിച്ചുള്ള തുക മാത്രം നൽകിയാൽ മതിയാകും. ഇതുൾപ്പെടെ എല്ലാ പണമിടപാടുകളും പ്രസ്തുത എംപാനൽഡ് ഏജൻസിയുടെ പേരിലാണ് (ചെക്കോ ഡി.ഡിയോ ആയി മാത്രം) ഗുണഭോക്താവ് നൽകേണ്ടത്. എംപാനൽഡ് ഏജൻസിയുടെ കീഴിലുള്ള ഡീലർമാരുടെയോ ജീവനക്കാരുടെയോ പേരിലേക്ക് പണം നൽകാൻ പാടില്ല.

f. എംപാനൽഡ് ഏജൻസിക്ക് ഗുണഭോക്താവ് നൽകിയ വർക്ക് ഓർഡറിന്റെയും അവർ നൽകിയ ഇൻ-വോയിസിന്റെയും, അവരുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെയും പകർപ്പുകൾ സൗരവൈദ്യുതനിലയം സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതിന്റെ റിപ്പോർട്ടിനോടൊപ്പം അനെർട്ടിൽ സമർപ്പിക്കേണ്ടതാണ്. ഇവ ലഭിച്ചതിനു ശേഷം പ്രസ്തുത സൗരവൈദ്യുത നിലയം അനെർട്ട് നേരിട്ട് പരിശോധിച്ച്, നിബന്ധനകൾ പാലിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കിയ ശേഷമേ അർഹമായ സർക്കാർ ധനസഹായം ഗുണഭോക്താവിന് അനുവദിക്കുകയുള്ളൂ.

g. പ്രതിഷ്ഠാപനത്തിന്റെ സാങ്കേതികപ്രമാണങ്ങൾ MNRE യുടെ സാങ്കേതിക നിർദേശങ്ങൾക്കും CEAയുടെ നിലവിലുള്ള നിബന്ധനകൾക്കും അനുസൃതമായിരിക്കണം.

h. ഉത്പാദിപ്പിക്കപ്പെടുന്ന സൗരവൈദ്യുതി അളക്കുന്നതിനുള്ള എനർജി മീറ്ററും വിതരണ ശൃംഖലയിലേക്ക് പ്രവഹിപ്പിക്കുന്നതും ശൃംഖലയിൽ നിന്ന് തിരികെ എടുത്ത് ഉപയോഗിക്കുന്നതുമായ വൈദ്യുതിയുടെ അളവ് കണ്ടെത്തുന്നതിനുള്ള നെറ്റ് മീറ്ററിംഗ് സൗകര്യമുള്ള എനർജി മീറ്ററും ഈ നിലയങ്ങളോടൊപ്പം സ്ഥാപിക്കേണ്ടതുണ്ട്. ഇവ വിതരണ ലൈസൻസിയിൽ നിന്നും വിലകൊടുത്ത് വാങ്ങിയോ, ഗുണഭോക്താവ് സ്വന്തമായി വാങ്ങി വിതരണ ലൈസൻസിയുടെ അംഗീകാരമുള്ള ലാബിൽ പരിശോധിപ്പിച്ച് അംഗീകാരം നേടിയോ സ്ഥാപിക്കാവുന്നതാണ്.

i. നിലയം വിതരണശൃംഖലയിൽ ബന്ധിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകുക, വിതരണ ലൈസൻസിയുടെ അനുമതി ലഭ്യമാക്കുക, എനർജി മീറ്ററുകൾ വാങ്ങുക അഥവാ പരിശോധന നടത്തിച്ച് അംഗീകാരം നേടുക എന്നിവയൊക്കെ ഗുണഭോക്താവിന്റെ ഉത്തരവാദിത്ത മായിരിക്കും. ഗുണഭോക്താവ് കേരള സംസ്ഥാന വൈദ്യുതി ബോർഡ്

ലിമിറ്റഡ് (KSEBL) അഥവാ മറ്റ് ഏതു വിതരണ ലൈസൻസിയാണോ അവരുമായി ബന്ധപ്പെട്ടാണ് ഇത് ചെയ്യേണ്ടത്.

j. സൗരവൈദ്യുതനിലയം പ്രവർത്തനക്ഷമമാക്കുന്നതിന് മുൻപുള്ള പരിശോധനകളും വിതരണശൃംഖലയിൽ ബന്ധിപ്പിക്കുന്നതും നിലയം സ്ഥാപിക്കുന്ന എംപാനൽഡ് ഏജൻസിയുടെ ചുമതലയായിരിക്കും.

k. എല്ലാ എനർജി മീറ്ററുകളും വിതരണ ലൈസൻസിയുടെ ജീവനക്കാരായ മീറ്റർ റീഡർമാർക്ക് എളുപ്പത്തിൽ കാണാനും റീഡിംഗ് കുറിച്ചെടുക്കാനും കഴിയുന്നിടത്താകണം സ്ഥാപിക്കേണ്ടത്.

**6. വാറന്റിയും അറ്റകുറ്റപ്പണികളും**

a. സൗരവൈദ്യുതനിലയം സ്ഥാപിക്കുന്ന എംപാനൽഡ് ഏജൻസി പ്രസ്തുത നിലയത്തിന് വാറന്റി ഉറപ്പാക്കുന്നതാണ്. നിലയത്തിന് പൊതുവായി 5 വർഷത്തെ സമഗ്ര വാറന്റിയാണ് ഉണ്ടാവുക. സൗരമോഡ്യൂളിന് അതിന്റെ ഉയർന്ന വൈദ്യുതോത്പാദന ശേഷി, 10വർഷത്തെ പ്രവർത്തനകാലം പൂർത്തിയാക്കുമ്പോൾ 90%-ത്തിൽ കുറയരുതെന്നും 25വർഷത്തെ പ്രവർത്തനകാലം പൂർത്തിയാക്കുമ്പോഴും 80% ശേഷി ഉണ്ടാകണമെന്നുമുള്ള പെർഫോമൻസ് വാറന്റിയും ഉണ്ടായിരിക്കും.

b. സ്ഥാപിച്ച നിലയം ചുരുങ്ങിയത് 5 വർഷത്തേക്കെങ്കിലും ശരിയായി സൂക്ഷിക്കുകയും അറ്റകുറ്റപ്പണികൾ ആവശ്യാനുസരണം നടത്തി ഉപയോഗിക്കുകയും വേണം. അല്ലാത്തപക്ഷം ലഭിച്ച സബ്സിഡി തിരികെ അടക്കേണ്ടതായി വരുന്നതാണ്. ഗുണഭോക്താവ് ഈ നിബന്ധന അംഗീകരിക്കുന്ന ഒരു ധാരണാപത്രം അനെർട്ടിന് നൽകുന്ന മുറയ്ക്ക് മാത്രമാണ് അവർക്കുള്ള സർക്കാർ ധനസഹായം അനുവദിച്ചു നൽകുക.

c. ഈ പദ്ധതിയിൽ സ്ഥാപിക്കുന്ന സൗരവൈദ്യുതോത്പാദന നിലയങ്ങൾക്ക് ഗുണഭോക്താവ്, MNRE-യിൽ നിന്നോ മറ്റേതെങ്കിലും സർക്കാർ അർദ്ധസർക്കാർ ഏജൻസികളിൽ നിന്നോ മറ്റൊരു തരത്തിലുള്ള സബ്സിഡിയും വാങ്ങാൻ പാടില്ല. ഇങ്ങനെ വേറൊരു സ്രോതസ്സിൽ നിന്നും സർക്കാർ ധനസഹായം വാങ്ങുകയില്ല എന്ന് വ്യക്തമാക്കുന്ന ധാരണാപത്രവും ഗുണഭോക്താവ് പദ്ധതി പൂർത്തീകരണ രേഖയ്ക്കും സബ്സിഡി ക്ലെയിമിനും ഒപ്പം അനെർട്ടിന് നൽകേണ്ടതാണ്.

d. സ്ഥാപിച്ച സൗരവൈദ്യുതോത്പാദന നിലയത്തിന്റെ പ്രവർത്തന ക്ഷമതയുടെ വിവരങ്ങൾ ഗുണഭോക്താവ് നിശ്ചിത ഇടവേളകളിൽ അനെർട്ടിനെ അറിയിക്കുകയും ആവശ്യമുള്ളപ്പോൾ പ്രസ്തുത നിലയം പരിശോധിക്കാൻ അനെർട്ടിന്റെ അഥവാ MNRE-യുടെ ഓഫീസർമാരെ അനുവദിക്കേണ്ടതുമാണ്.

ഡയറക്ടർ

# “സോളാർ കണക്ട്”

അനെർട്ട്, വികാസ് ഭവൻ പി.ഓ, തിരുവനന്തപുരം 695033
ടെലഫോൺ:0471-2338077, ഫാക്സ്: 2329853, ഇമെയിൽ: director@anert.in, www.anert.gov.in

## 2kW മുതൽ 100kW വരെശേഷിയുള്ള, ശൃംഖലാബന്ധിത മേൽക്കൂര സൗരവൈദ്യുതോത്പാദനനിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷാഫോറം 2016–17

| ഓഫീസ് ആവശ്യത്തിന് | |
|---|---|
| രജി.നം. : ......................<br>തീയതി : ............................ | രജി. ഫീസ് വിവരങ്ങൾ:<br>ഡി.ഡി.നം. : ......................<br>തീയതി : ............................<br>ബാങ്ക്: ................................ |

| | | |
|---|---|---|
| 1. | അപേക്ഷിക്കുന്നയാളുടെ പേര് * | |
| 2. | പൂർണ്ണമായ മേൽവിലാസം, പിൻ കോഡ് ഉൾപ്പെടെ * | PIN: |
| 3. | മൊബൈൽ ഫോൺ നമ്പർ. | |
| 4. | STD കോഡ്, ലാൻഡ്ഫോൺ നമ്പർ | |
| 5. | ഇ മെയിൽ ഐഡി | |
| 6. | ഗുണഭോക്തൃവിഭാഗം (SC/ST/മറ്റുള്ളവ) | |
| 7. | സ്വന്തം ആധാർ കാർഡിന്റെ പകർപ്പ് ഗുണഭോക്താവ് സ്വയം സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. | |
| | ആധാർ കാർഡ് നമ്പർ * | |
| | സൗരവൈദ്യുതനിലയം സ്ഥാപിക്കാനുള്ള സ്ഥലത്തിന്റെയും പ്രതിഷ്ഠാപനത്തിന്റെയും വിവരങ്ങൾ: | |
| 8. | സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സൗരവൈദ്യുത നിലയത്തിന്റെ ശേഷി kWp ൽ (സൗരമോഡ്യൂൾ നിരയുടെ ശേഷിയാണ് ഇവിടെ നൽകേണ്ടത്) | |
| 9. | സൗരവൈദ്യുതനിലയംസ്ഥാപിക്കാനുള്ളസ്ഥലത്തിന്റെ വിലാസം * | |
| 10. | ഏറ്റവും അടുത്തുള്ള ലാൻഡ് മാർക്ക് | |
| 11. | ജില്ല * | |
| 12. | തദ്ദേശ ഭരണസ്ഥാപനത്തിന്റെ പേര് * | |
| 13. | ഗ്രാമപ്പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ * | |
| 14. | വാർഡ്നമ്പർ/ കെട്ടിടനമ്പർ * | |
| 15. | അപേക്ഷയുടെ തരം (ഗാർഹികം/ ഗാർഹികേതരം) | |

| | | |
|---|---|---|
| 16. | ഗാർഹികേതരമെങ്കിൽ സ്ഥാപനത്തിന്റെ തരം [കട/ വ്യവസായശാല/ സർക്കാർഓഫീസ്/ വിദ്യാഭ്യാസ സ്ഥാപനം/ മറ്റുള്ളവ (വ്യക്തമാക്കുക)] | |
| 17. | സൗരപാനൽ നിര സ്ഥാപിക്കാവുന്ന, നിഴൽരഹിത മേൽക്കൂര വിസ്തൃതി ചതുരശ്രമീറ്ററിൽ (ആവശ്യം ഒരു കിലോവാട്ടിന് ഏകദേശം 10ച.മീ) | |
| വൈദ്യുത കണക്ഷൻ വിവരങ്ങൾ: | | |
| 18. | ഉപഭോക്തൃ നമ്പർ* | |
| 19. | ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പേരും നമ്പരും.* | |
| 20. | ഉപഭോക്താവിന്റെ കെട്ടിടത്തിലേക്ക് കണക്ഷൻ എടുത്തിട്ടുള്ള വൈദ്യുത പോസ്റ്റിന്റെ ക്രമനമ്പർ. | |
| 21. | ഉപഭോക്തൃകണക്ഷന്റെ തരം* | ത്രീ ഫേസ് / സിംഗിൾ ഫേസ് |
| 22. | കണക്ഷൻ നൽകുന്നതിനു അംഗീകരിച്ചിട്ടുള്ള കണക്റ്റഡ് ലോഡ് | |
| 23. | ഇലക്ട്രിക്കൽ എനർജി മീറ്ററിന്റെ തരം | സിംഗിൾ ഫേസ്- മെക്കാനിക്കൽ<br>സിംഗിൾ ഫേസ്- ഡിജിറ്റൽ<br>ത്രീ ഫേസ് - മെക്കാനിക്കൽ<br>ത്രീ ഫേസ് - ഡിജിറ്റൽ |
| 24. | ശരാശരി ദ്വൈമാസ വൈദ്യുതോപഭോഗം | .................................... യൂണിറ്റ് |
| 25. | താരിഫ് പ്ലാൻ | |
| 26. | ഉപഭോക്താവ് ToD ബില്ലിംഗ് സ്കീമിൽ ആണോ | |
| 27. | അപേക്ഷാഫീസായ 2000രൂപ അടയ്ക്കുന്നതിന്റെ വിവരങ്ങൾ: | ഡി.ഡി.നമ്പർ:<br>തീയതി:<br>***ബാങ്ക്:*** |

*നിർബന്ധമായുംപൂരിപ്പിച്ചിരിക്കേണ്ടവിവരങ്ങൾ

<u>പ്രഖ്യാപനം</u>

............................................................................ ...............................ന്റെ/യുടെ മകളായ/ മകനായ ..................................................................................എന്ന ഞാൻ, ശൃംഖലാബന്ധിത-മേൽക്കൂര-സൗര വൈദ്യുതനിലയം അനുവദിച്ചു തരുന്നതിനും സ്ഥാപിക്കുന്നതിനും അനെർട്ട് നിശ്ചയിച്ചിട്ടുള്ള നിബന്ധനകളും പ്രമാണങ്ങളും അംഗീകരിക്കുന്നു. പ്രസ്തുത വൈദ്യുതോത്പാദന നിലയം അനുവദിച്ചു കിട്ടുന്നു എങ്കിൽ അത് നിർദ്ദിഷ്ട സമയത്തിനുള്ളിൽ, അതിനുള്ള ചെലവുകൾ വഹിച്ചു കൊണ്ട് സ്ഥാപിക്കുകയും പൂർത്തിയാകുന്ന മുറയ്ക്ക് സർക്കാർ ധനസഹായം അനുവദിച്ചു കിട്ടുന്നതിനു ആവശ്യമായ രേഖകൾ എല്ലാം അനെർട്ടിലേക്ക് സമർപ്പിക്കുകയും ചെയ്യാമെന്നു ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: ഒപ്പ്:

തീയതി: പേര്:

---

<u>പരിശോധന ലിസ്റ്റ്</u>

1. ഫോട്ടോപതിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് [ഉണ്ട്/ ഇല്ല] : ............
2. സമീപകാലത്തുള്ള വൈദ്യുതി ബില്ലിന്റെ പകർപ്പ് [ഉണ്ട്/ ഇല്ല] : .............
3. അപേക്ഷാഫീസായ 2000 രൂപയുടെ ഡി.ഡി. [ഉണ്ട്/ ഇല്ല] : ............
4. സ്വന്തം വിലാസമെഴുതി 5രൂപ സ്റ്റാമ്പ് പതിച്ച കവർ [ഉണ്ട്/ ഇല്ല] : ............
5. പൂരിപ്പിച്ച കൈപ്പറ്റ് രേഖ [ഉണ്ട്/ ഇല്ല] : ............

# കൈപ്പറ്റ് രേഖ

“സോളാർ കണക്ട്” പദ്ധതിയിൽ ശൃംഖലാബന്ധിത വികേന്ദ്രീകൃത സൗരവൈദ്യുതോത്പാദനനിലയം അനുവദിച്ചു കിട്ടുന്നതിനുള്ള താങ്കളുടെ അപേക്ഷയും അപേക്ഷാഫീസായ 2000രൂപയ്ക്കുള്ള, താഴെ പറയുന്ന നമ്പറിലുള്ള ഡി.ഡിയും അനെർട്ട് കൈപ്പറ്റിയതായി അറിയിക്കുന്നു.

| | |
|---|---|
| ഡി.ഡി നമ്പർ | |
| ഡി.ഡി.തീയതി | |
| ഡി.ഡി നൽകിയ ബാങ്ക് | |
| തുക | Rs. 2000/- |

(ഇത് അപേക്ഷിക്കുന്നയാൾ തന്നെ പൂരിപ്പിക്കേണ്ടതാണ്)

താങ്കളുടെ അപേക്ഷാ നമ്പർ താഴെകൊടുക്കുന്നു. ദയവായി തുടർന്നുള്ള എല്ലാ കത്തിടപാടുകളിലും സന്ദേശങ്ങളിലും സൂചനയ്ക്കായി ഈ അപേക്ഷാ നമ്പർ പരാമർശിക്കേണ്ടതാണ്.

| | |
|---|---|
| അപേക്ഷാ നമ്പർ | |
| അപേക്ഷ കൈപ്പറ്റിയ തീയതി | |

(ഇത് അനെർട്ട് ഓഫീസിൽ പൂരിപ്പിക്കേണ്ട ഭാഗമാണ്)

**ഡയറക്ടർ**
**അനെർട്ട്**
**വികാസ് ഭവൻ പി.ഓ**
**തിരുവനന്തപുരം - 695033**

**സ്വീകർത്താവ്**

(അപേക്ഷിക്കുന്നയാൾ മുകളിൽ കൊടുക്കുന്ന ബോക്സിൽ, സ്വന്തം മേൽവിലാസം പൂർണ്ണമായി പിൻ കോഡ് സഹിതം വലിയ അക്ഷരത്തിൽ വ്യക്തമായി എഴുതേണ്ടതാണ്.)

## ഭാഗം -II

## സൗരവൈദ്യുത സംവിധാനം ശ്യംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള അപേക്ഷ

(റഗുലേഷൻ 13(1) പ്രകാരം)

വിതരണ ലൈസൻസിയുടെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ സമർപ്പിക്കേണ്ടത്

സ്ഥലം:-

| | | |
|---|---|---|
| 1 | ഉപഭോക്താവിന്റെപേര് | |
| 2 | ഉപഭോക്തൃ നമ്പർ | |
| 3 | ഉപഭോക്തൃ വിഭാഗം | |
| 4 | ഉപഭോക്താവിന്റെപൂർണ്ണ മേൽവിലാസം | |
| 5 | ടെലഫോൺ നമ്പർ | ലാൻഡ് ലൈൻ:<br><br>മൊബൈൽ: |
| 6 | ഇമെയിൽ | |
| 7 | ഉപഭോക്താവിന്റെകണക്റ്റഡ് ലോഡ്/ കോൺട്രാക്റ്റ് ഡിമാൻഡ് | |
| 8 | ശ്യംഖലയുമായിബന്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്ന സൗരവൈദ്യുത സംവിധാനത്തിന്റെ ശേഷി | |
| 9 | ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഉപഭോക്താവ് തന്റെ ഉടമസ്ഥതയിലുള്ള മറ്റേതെങ്കിലും കെട്ടിടത്തിൽ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ | |
| 10 | ഉപഭോക്താവ് ToD ബില്ലിംഗ് സ്കീമിൽ ഉൾപ്പെടുന്നുവോ | |
| 11 | ലക്ഷ്യമിടുന്ന സൗരവൈദ്യുത സംവിധാനം മേൽക്കൂരയിൽ സ്ഥാപിക്കുന്നതോ നിലത്തു സ്ഥാപിക്കുന്നതോ | |
| 12 | പ്രതിഷ്ഠാപനം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന തീയതി | |

ഉപഭോക്താവിന്റെ ഒപ്പ്

.............................................................................................................................................

## ***കൈപ്പറ്റ് രേഖ***

സൗരവൈദ്യുത സംവിധാനം ശ്യംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള അപേക്ഷ കൈപ്പറ്റി
പേര്
തീയതി
ഉപഭോക്തൃ നമ്പർ
അപേക്ഷാഫീസ് അടച്ചിട്ടുണ്ടോ ഇല്ലയോ
അപേക്ഷാ രജിസ്റ്ററേഷൻ നമ്പർ
സൗരവൈദ്യുത നിലയത്തിന്റെ ശേഷി

ഓഫീസറുടെ പേര്

ഓഫീസറുടെ തസ്തിക പേര്

സീൽ ഒപ്പ്